## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1979 05.10.2016-ൽ മറുപടിയ്ക്ക്

### വാട്ടർ അതോറിറ്റി പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>,, എം. വിൻസെന്റ്<br>,, ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ | കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇതിനു പുറമെ കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജലഅതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ് സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി .<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.<br>6. അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം |

നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയ്ക്കും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി വരുന്നു. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേയ്മെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി വരുന്നു.

ബി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

ബി കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യ സുസ്ഥിരത എന്നീ വിഷയങ്ങളാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

സി വാട്ടർ അതോറിറ്റിയെ കാര്യക്ഷമവും മെച്ചപ്പെട്ട സേവനവും നൽകുന്ന സ്ഥാപനമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദമാക്കുമോ;

സി വാട്ടർ അതോറിറ്റിയെ കാര്യക്ഷമവും മെച്ചപ്പെട്ട സേവനവും നൽകുന്ന സ്ഥാപനമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി എല്ലാ പദ്ധതികളും ഈ പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ് സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്പ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്) ഇ-പേയ്മെന്റ് സംവിധാനവും , കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റവും, ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

10. ഹെഡ് ഓഫീസിലും വെള്ളയമ്പലം ഓഫീസ് വളപ്പിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലും വാട്ടർ അതോറിറ്റിയുടെ ഒബ്സർവേറ്ററി ഹില്ലിലെ ഓഫീസുകളിലും പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കി.

| | |
|---|---|
| ഡി പുനരുദ്ധാരണ പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്? | ഡി പുനരുദ്ധാരണ പദ്ധതിക്കുള്ള ധനസമാഹരണം സർക്കാർ ബജറ്റ് വഴിയും **KIIFB - Scheme** വഴിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ